# മൂന്ന് നവോത്ഥാന നായകന്മാർ

കെ.ജി. പൗലോസ്

പത്തൊമ്പതാം നൂറ്റാിന്റെ അന്ത്യപാദത്തിലും ഇരുപതിന്റെ ആദ്യപകുതിയിലുമായി കേരളീയ സമൂഹത്തിലുായ പ്രബുദ്ധതയ്ക്ക് കാരണക്കാരായ ഒട്ടേറെപ്പേർ ു്, പ്രസ്ഥാനങ്ങളുമു്. 1888-ലെ അരുവിപ്പുറം പ്രതിഷ്ഠ മുതൽ 1957-ൽ ഐക്യകേരളത്തിന് ആദ്യമായി ഒരു മന്ത്രിസഭ അധികാരമേല്ക്കുന്നതുവരെ നീുകിടക്കുന്ന നവോത്ഥാന പ്രവർത്തനങ്ങൾ അനേകം കൂട്ടായ്മകളുടെ ഫലമാണ്. ഇന്ത്യയിലാകെയുായ ജ്ഞാനോദയ പ്രവർത്തനങ്ങളുടെ ഭാഗമാണത്, അതേസമയം തന്നെ അവയിൽനിന്ന് വിഭിന്നവുമാണ്. വിദേശീയ സമ്പർക്കത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഫലമായി ഭാരതീയ മനോമണ്ഡലത്തിലുായ നവീകരണം ഇന്ത്യയുടെ എല്ലാഭാഗത്തും അഭ്യസ്തവിദ്യരുടെ ഭാഗത്തുനിന്നാണുായത്. രാജാറാം മോഹൻറായിയുടെ സമൂഹപരിഷ്കരണശ്രമങ്ങളിൽ നിന്നാണ് അവ ആരംഭിക്കുന്നത്. ഭാരതത്തിന്റെ വിവിധപ്രവിശ്യകളിൽ വിദ്യാസമ്പന്നരാണ് ജ്ഞാനോദയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്. ആധുനിക വിദ്യാഭ്യാസം നല്കിയ പ്രബുദ്ധതയാണ് ഭാരതീയ നവോത്ഥാനത്തിന് വഴിവെച്ചത്. ഇവയ്ക്ക് നേതൃത്വം നല്കിയവർ പൊതുവെ മേല്പാളിയിൽപെട്ടവരായിരുന്നു. പുതുവിദ്യാഭ്യാസം നല്കിയ വെളിച്ചം പെട്ടെന്നവർക്കാണല്ലോ ലഭിക്കുക. അതുകൊാണ് ദേശീയ ബോധം സൃഷ്ടിച്ച പ്രസ്ഥാനത്തിന്റെ-ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ-പോലും സ്ഥാപകൻ സായിപ്പായത്, ഹോം റൂളിന്റെ പ്രചാരക ആനി ബസന്റ് മദാമ്മ ആയത്.

ഈ ദേശീയപശ്ചാത്തലത്തിൽനിന്ന് വ്യത്യസ്തമായിരുന്നു, കേരളത്തിന്റെ നില. അങ്ങ് വടക്ക് കോൺഗ്രസ്സ് സ്ഥാപിച്ച് രു വർഷം പൂർത്തിയാകും മുൻപേ ഇവിടെ കൊച്ചുകേരളത്തിൽ അരുവിപ്പുറംപ്രതിഷ്ഠ നടന്നു. പ്രതിഷ്ഠ നടത്തിയത് കീഴ്പാളിയിൽ പോലും പെടാത്ത, പൊതുസമൂഹത്തിന് അസ്പൃശ്യനായ ഒരാളായിരുന്നു. ബ്രാഹ്മണർക്കല്ലാതെ ശിവനെ പ്രതിഷ്ഠിക്കാൻ അധികാരമില്ലെന്ന് ക്ഷോഭിച്ചവരോട് അദ്ദേഹം പറഞ്ഞത് ഇത് വേറെ ശിവനാണെന്നായിരുന്നു-ഈഴവശിവൻ. ഇതുവരെ നടന്നതിൽ നിന്ന് വേറിട്ടൊരു വഴിയായിരുന്നു അത്.

സമാന്തരമായ ഒരു പാതവെട്ടിയാണ് കേരളത്തിൽ നവോത്ഥാനപ്രസ്ഥാനം മുന്നേറിയത്. അതിലൂടെ നടന്നവരും നേതൃത്വം നല്കിയവരും അധികവും കീഴാളരായിരുന്നു. ഇവരുടെ ആവേശത്തിലാകൃഷ്ടരായി മേല്പാളിയിലുള്ളവർ യാത്രയിൽ കൂടിച്ചേരുകയായിരുന്നു. സമൂഹത്തിന്റെ അടിയടരുകളിൽ നിന്നാണ് മാറ്റത്തിന്റെ ചലനങ്ങൾ കേരളത്തിലുായത്. ഗ്ലാസ്സിൽ പകർന്ന ജ്യൂസ്സ് സ്ട്രോ ഇട്ട് കുടിക്കുന്ന പ്രക്രിയ നിരീക്ഷിക്കാൻ രസമുള്ളതാണ്. മേല്പരപ്പിൽ മുട്ടുന്ന സ്ട്രോയിലൂടെ കിട്ടുന്നതെപ്പോഴും മുകളിലുള്ളതാവും. ഗ്ലാസ്സ് പകുതി ആവുമ്പോഴേയ്ക്ക് വീും നിറയ്ക്കുന്നു. പ്രക്രിയ തുടരുന്നു. പകുതിക്ക് താഴെ ഒരനക്കവുമില്ല. സ്ട്രോ ഗ്ലാസ്സിന്റെ അടിയിലേയ്ക്കാഴ്ത്തിയാൽ സ്ഥിതിമറിച്ചാവും. വായുസമ്മർദം അടിയിലുാക്കുന്ന ചുഴി മുകളിലെ ജലത്തെ കീഴോട്ടാകർഷിക്കുന്നു; ഗ്ലാസ്സിലെ വെള്ളമാകെ ഇളകിമറയുന്നു. മറ്റു പലയിടത്തും നവോത്ഥാനശ്രമങ്ങൾ മേല്ത്തട്ടിലൊതുങ്ങി, കേരളത്തിലാകട്ടെ കീഴാളസമ്മർദം സമൂഹത്തെ ആകെ ഇളക്കിമറിച്ചു. അതുകൊ് കേരളത്തിലെ ജ്ഞാനോദയത്തിന് മറ്റൊരു മുദ്ര കൈവന്നു. നവോത്ഥാനം കേരളത്തിൽ വിമോചനപ്രസ്ഥാനമായി മാറി. കീഴാളരുടെ ആശയും ആവേശവും അതിനെ മുന്നോട്ട് നയിച്ചു. അതുകൊാണ് അധികാരസ്ഥാനത്ത് കീഴാളപ്രസ്ഥാനത്തെ പ്രതിഷ്ഠിക്കാനുള്ള കരുത്തതിനുായത്. മേല്പാളിയുടെ വർഗസ്വത്വം ഈ ബന്ധത്തിൽ പിന്നീട് വിള്ളലുകളുാക്കിയെങ്കിലും നവോത്ഥാനത്തിന്റെ കരുത്ത് കാത്തുസൂക്ഷിക്കാൻ കേരളത്തിനിന്നും കഴിയുന്നു.

നവോത്ഥാനത്തെ സംബന്ധിച്ച ഈ വിശകലനം ഇപ്പോൾ കൂടുതൽ പ്രസക്തമാണ്-മറ്റു പലയിടത്തും നവോത്ഥാനം പുനരുത്ഥാനമായി പരിണമിച്ച ദുരന്തം നമ്മുടെ മുൻപിലു്. പുനരുത്ഥാനം പഴമയുടെ പ്രത്യാനയനമാണ്, അതുകൊ് തന്നെ പ്രതിലോമപരവും. നവോത്ഥാനമാകട്ടെ, സമൂഹത്തിന്റെ പുനഃസൃഷ്ടിയാണ്. പഴയതിനെ മിനുക്കി ചായം പൂശിവെച്ചാൽ പുതിയതാവില്ല, ഉടച്ച് ഉരുക്കി പുതിയ മൂശയിൽ വാർക്കേവരും; അതാണ് നവോത്ഥാനം ചെയ്യുന്നത്. കേരളത്തിൽ ഇരുപതാം നൂറ്റാിന്റെ ആദ്യപകുതിയിൽ നടന്നത് ഈ ഉടച്ചുവാർക്കലാണ്. ആശയമണ്ഡലത്തിലാണ് ആദ്യമിതുായത്, തുടർന്നാണ് പ്രായോഗികതലത്തിലേയ്ക്ക് വ്യാപിച്ചത്. പുതിയൊരാശയമണ്ഡലം സൃഷ്ടിച്ചവരെയാണ് നവോത്ഥാനനായകരായി നാം കൊാടുന്നത്.

ഈ പശ്ചാത്തലത്തിലാണ് പുന്നശ്ശേരി നമ്പി (1858-1935), വൈദ്യരത്നം പി.എസ്. വാരിയർ (1868-1944), വള്ളത്തോൾ (1878-1958) എന്നീ ത്രിമൂർത്തികളുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാകുന്നത്. അവരുടെ കൂട്ടായ്മ നവോത്ഥാനചരിത്രത്തിലെ അവിസ്മരണീയമായ ഒരധ്യായമാണ്.

പ്രായത്തിൽ ഇവർക്ക് അല്പാല്പം ഏറ്റമിളപ്പമു്-മുമ്പേ നടന്നത് നമ്പി, പത്തുവർഷം കഴിഞ്ഞ് വാരിയർ, അവസാനം വള്ളത്തോൾ. ഐക്യകേരളം സാക്ഷാത്കരിച്ചുകത് വള്ളത്തോൾ മാത്രമാണ്. കാലഗതിക്ക നുസരിച്ച് ഇവരുടെ വീക്ഷണങ്ങളിൽ മാറ്റമുാകുന്നുങ്കിലും മൂവരും നിന്നത് ഒരേതറയിലാണ്.

വിദ്യാഭ്യാസകാര്യത്തിൽ സംസ്കൃതമായിരുന്നു മൂവരുടേയും അടിത്തറ. ഭാരതവർഷത്തിലെ പൂർവരാം ഋഷീന്ദ്രന്മാരായിരുന്നു മാർഗദർശികൾ. ഭാരതീയപാരമ്പര്യത്തോട് മതിപ്പും വിധേയത്വവും ഇവരുടെ പൊതുധർമ്മമായിരുന്നു. പാശ്ചാത്യവിദ്യാഭ്യാസം പ്രചരിച്ചതോടെ ജനങ്ങളുടെ സമീപനത്തിൽ മാറ്റ ങ്ങളുായി. ഭാരതീയമായതെല്ലാം ബഹുകേമം, പാശ്ചാത്യം അതിനിന്ദ്യം എന്നായിരുന്നു യാഥാസ്ഥിതി കരുടെ ചിന്ത. ഇംഗ്ലീഷ് പഠിച്ച യുവാക്കൾ മറിച്ചാണ് ചിന്തിച്ചത്-ഇവിടെയുള്ളതെല്ലാം അബദ്ധജടിലം, പശ്ചാത്യമായത് യുക്തിഭദ്രം. അവർ ഭാരതീയമായതിനെ അപലപിക്കുന്നത് മാന്യതയുടെ ലക്ഷണ മായി കരുതുകയും അങ്ങനെ പെരുമാറുകയും ചെയ്തിരുന്നു. വിരുദ്ധങ്ങളായ ഈ രു ധാരണ കൾക്കുമിടയിൽ മൂന്നാമതൊരു ചിന്ത ഉയർന്നുവന്നു. ഭാരതീയപാരമ്പര്യത്തിലും പാശ്ചാത്യപരിഷ്കര ണങ്ങളിലും, രിലുമു് ത്യാജ്യങ്ങളും ഗ്രാഹ്യങ്ങളും. കാലത്തിനിണങ്ങുംപടി വേതിനെ സ്വീക രിക്കുക, വോത്തതിനെ ഉപേക്ഷിക്കുക. സന്തുലിതമായ ഈ കാഴ്ചപ്പാടാണ് നവോത്ഥാനത്തിന് മുന്നോടി ആയത്. യാഥാസ്ഥിതികപശ്ചാത്തലത്തിൽ നിന്ന് വന്നവരായിരുന്നു മേല്പറഞ്ഞ മൂവരും; എങ്കിലും പുതിയ ചിന്തകളെ ഉൾക്കൊള്ളാൻ അവർക്ക് കഴിഞ്ഞു. ഈ സവിശേഷത മൂലമാണ് അന്യഥാ പുനരുത്ഥാനപക്ഷത്തെത്തുമായിരുന്ന അവർ നവോത്ഥാനനായകന്മാരായത്.

സമന്വയത്തിന്റെ വക്താക്കളായിരുന്നു മൂവരും. വിവിധാഭിപ്രായങ്ങൾക്കിടയിൽ സമചിത്തത പാലിക്കാനും പൊട്ടിത്തെറിക്കാതെ കാര്യം നടത്താനും അവർക്ക് കഴിഞ്ഞിരുന്നു. സമൂഹത്തിലെ വിവിധവിഭാഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിച്ച് പ്രക്ഷോഭങ്ങൾ നിരന്തരം ഉായിക്കൊിരുന്ന അക്കാലത്ത് സമ വായത്തിന്റെ സമീപനമെടുക്കുന്നത് വളരെ വിഷമകരമായിരുന്നു. എങ്കിലുമതിനവർക്ക് കഴിഞ്ഞു എന്നത് അവരുടെ പ്രവർത്തനത്തിന്റെ വിജയത്തിന് സഹായിച്ചു.

**പുന്നശ്ശേരി നമ്പി**

യാഥാസ്ഥിതികമായ സാഹചര്യങ്ങളിലാണ് നമ്പി ജനിച്ചതും വളർന്നതും. അദ്ദേഹം ഇടപെട്ടതാകട്ടെ സാമൂതിരിക്കോവിലകം പോലുള്ള അഭിജാതസമൂഹത്തോടും. രാജസദസ്സിൽ ഉയർന്ന സ്ഥാനം പാര മ്പര്യമായി നമ്പിമാർക്കവകാശപ്പെട്ടതാണ്. മാങ്കാവിൽ സാമൂതിരിയുടെ നേതൃത്വത്തിൽ നടക്കാറുള്ള വിദ്വത്സദസ്സുകളിലും കവിസമാജങ്ങളിലും നായകസ്ഥാനം നമ്പിക്കായിരുന്നു.

ബഹുമുഖമായിരുന്നു നമ്പിയുടെ പ്രവർത്തനമണ്ഡലം. ആയുർവേദത്തിൽ അഗാധമായ അറിവ് അദ്ദേ ഹത്തിനുായിരുന്നു. ആര്യോഗ്യചിന്താമണി വൈദ്യശാല അദ്ദേഹം നടത്തിയിരുന്നു. ജ്യോതിശ്ശാ സ്ത്രത്തിലെ പാണ്ഡിത്യത്തിന് തെളിവാണ് പട്ടാമ്പിപ്പഞ്ചാഗം. വിജ്ഞാനചിന്താമണി എന്ന സംസ്കൃത പത്രിക ഏറെക്കാലം അദ്ദേഹം ഒറ്റയ്ക്ക് കൊുനടന്നിരുന്നു. സമകാലിക സംഭവങ്ങളെക്കുറിച്ചുള്ള ധാരാളം ലേഖനങ്ങൾ അതിൽ പ്രസിദ്ധീകരിച്ചിരുന്നു. കോൺഗ്രസ്സ് സമ്മേളനവിവരങ്ങൾ, താത്രിക്കുട്ടി യുടെ സ്മാർത്തവിചാരത്തെപ്പറ്റിയുള്ള പ്രതികരണങ്ങൾ തുടങ്ങിയവ വായനക്കാരെ ആകർഷിച്ചിരുന്നു. ധാരാളം ഗ്രന്ഥങ്ങൾ രചിക്കുകയും പ്രസാധനം ചെയ്യുകയും ചെയ്തിട്ടു് അദ്ദേഹം. വിദ്വത്സദസ്സുക ളിൽ സജീവസാന്നിധ്യമായിരുന്നു അദ്ദേഹത്തിന്റേത്.

ഗുരുനാഥൻ എന്ന നിലയിലാണ് പുന്നശ്ശേരി നമ്പി എക്കാലത്തും അറിയപ്പെടുന്നത്. അദ്ദേഹം സ്ഥാപിച്ച സാരസ്വതോദ്യോതിനി സംസ്കൃതപാഠശാലയാണ് ഇന്നത്തെ പട്ടാമ്പി ശ്രീ നിലകണ്ഠ ഗവ. സംസ്കൃത കോളേജ്. സംസ്കൃത വിദ്യാഭ്യാസം ഇന്ത്യയുടെ മറ്റുഭാഗങ്ങളിലെന്നപോലെ കേരളത്തിലും ത്രൈവർണി കർക്ക് മാത്രം വിധിക്കപ്പെട്ടതായിരുന്നു. എന്നാൽ ആവശ്യപ്പെടുന്നവർക്കെല്ലാം നമ്പി വിദ്യനല്കി. അവരിൽ പഞ്ചമന്മാരുായിരുന്നു; അന്യമതസ്ഥർ പോലുമുായിരുന്നു. പാവറട്ടി സംസ്കൃതപാഠ ശാലയുടെ (ഇന്നത്തെ ഗുരുവായൂർ കേന്ദ്രീയ വിദ്യാപീഠം) സ്ഥാപകൻ സംസ്കൃതപ്രണയഭാജനം കുര്യാ ക്കുമാസ്റ്ററും പട്ടാമ്പിയിലെ അസനാർ വൈദ്യരും നമ്പിയുടെ ശിഷ്യന്മാരായിരുന്നു.

തീൽജാതിക്കാരെ സംസ്കൃതം പഠിക്കാനനുവദിച്ച ഈ അത്യാചാരത്തിനെതിരെ യാഥാസ്ഥിതികർ രംഗത്തിറങ്ങി. അവർ സാമൂതിരിക്ക് പരാതി നല്കി. നമ്പിയുടെ മറുപടി അവരുടെ വായടപ്പിച്ചു- 'സരസ്വതിക്ക് തീ ലില്ല'. ഇത്തരമൊന്ന് അക്കാലത്ത് പറയാൻ അസാധാരണധൈര്യം വേണം. ഇതിന്റെ ബലത്തിലാണ് ശ്രീനാരായണഗുരു തിരുവിതാംകൂറിൽ നിന്ന് ഈഴവബാലന്മാരെ സംസ്കൃത പഠിപ്പിക്കാൻ പട്ടാമ്പിക്കയച്ചത്. രാജഭരണത്തിൻ കീഴിലുള്ള തിരുവിതാംകൂറിലും കൊച്ചിയിലും അധഃകൃകർക്ക് വിദ്യാഭ്യാസത്തിന് അർഹതയില്ലായിരുന്നു. വിദ്യ എല്ലാവർക്കും നല്കിയത് നമ്പിയാണ്. പില്ക്കാല കേരളീയ സമൂഹത്തെ സ്വാധീനിച്ചത് പുന്നശ്ശേരിക്കളരിയിലൂടെ പുറത്ത് വന്നവരുടെ ആശയങ്ങളായിരുന്നു. കെ.വി.എം., സി.എസ്. നായർ, കുട്ടികൃഷ്ണമാരാർ, കെ.പി. നാരായണപിഷാരോടി തുടങ്ങി പുന്നശ്ശേരിക്കളരിയിലെ വിദ്വാന്മാരെല്ലാവരും സങ്കുചിത ചിന്തകൾക്കതീതരായിരുന്നു. ജാതിമതാന്ധതയിൽ നിന്ന് സംസ്കൃതഭാഷയെയും സംസ്കാരത്തെയും സംരക്ഷിച്ചത് ഈ കളരിയിലെ ആശാന്മാരാണ്. സംസ്കൃതസർവകലാശാല വരെ എത്തിനില്ക്കുന്ന കേരളത്തിലെ സംസ്കൃതപഠനത്തിന് ജനകീയമായ അടിത്തറ പണിതത് ഗുരുനാഥനാണ്. മറ്റുസംസ്ഥാനങ്ങളിൽ മഠങ്ങളിലും പാഠശാലകളിലും ബ്രാഹ്മണർക്ക് മാത്രമുള്ളതാണ് സംസ്കൃതപഠനം. കേരളത്തിലത് സാർവത്രികമായിരിക്കുന്നു; സമഭാവനയായിരിക്കുന്നു അതിന്റെ സന്ദേശം. വലിയ ഈ മാറ്റത്തിന് പ്രബുദ്ധകേരളം കടപ്പെട്ടിരിക്കുന്നത് പുന്നശ്ശേരി നമ്പിയോടാണ്.

മറ്റൊരുതരത്തിലുമു് നമ്പിദർശനങ്ങൾക്ക് സമകാലികപ്രാധാന്യം. പ്രാചീനാചാരങ്ങളോടും വിശ്വാസങ്ങളോടും സമൂഹത്തിന്റെ സമീപനം എന്തായിരിക്കണം. അന്ധമായി അനുസരിക്കുകയാണോ അതോ കാലത്തിനൊത്ത് പരിഷ്കരിക്കുകയാണോ? തന്റെ മുൻപിൽ വന്ന ഒരു സമസ്യയിലൂടെ നമ്പി ഇതിന് ഉത്തരം നല്കി. അക്കാലത്ത് പ്രശസ്തമായ കുടുംബത്തിലെ ഒരു മന്നാടിയാർ വിദേശവനിതയെ വിവാഹം ചെയ്തു. കുടുംബക്കാർ അദ്ദേഹത്തെ ഭ്രഷ്ടകല്പിച്ച് പുറത്താക്കി; കുടുംബസ്വത്തിന് അനർഹനാക്കി. ഇത് സംബന്ധിച്ച് കേസ് കോടതിയിൽ വന്നു. ഇരുഭാഗവും വാദം കേട്ടശേഷം വിദഗ്ദ്ധാഭിപ്രായം അറിയുന്നതിന് ഒരു വിശിഷ്ടാചാര്യന്റെ ഉപദേശം നേടാൻ മജിസ്ട്രേട്ട് തീരുമാനിച്ചു. നമ്പിയെയാണ് അദ്ദേഹം സ്വീകരിച്ചത്. അദ്ദേഹം കോടതിയിലെത്തി. മദാമ്മയെ വിവാഹം കഴിച്ചാൽ ഭ്രഷ്ടനാകുമെന്ന് ഏത് സ്മൃതിയിലാണ് പറഞ്ഞിരിക്കുന്നത് എന്ന് അദ്ദേഹം വക്കീലിനോട് ചോദിച്ചു. മറുപടി നല്കാൻ വക്കീലിന് കഴിഞ്ഞില്ല. നമ്പി മജിസ്ട്രേറ്റിനോട് പറഞ്ഞു-'അപ്രതിഷിദ്ധം അനുമതം ഭവതി' എന്നൊരു ന്യായമു്, സംസ്കൃതത്തിൽ. ചെയ്യരുതെന്ന് നിഷേധിക്കാത്തതൊക്കെ ചെയ്യുവാൻ അനുമതിയു്. മദാമ്മയെ വിവാഹം ചെയ്യരുതെന്ന് സ്മൃതിവാക്യമില്ല. അതിനാൽ അത് അനുമതമാണ്. മന്നാടിയാർ തെറ്റൊന്നും ചെയ്തിട്ടില്ല.

ഈ യുക്തിയുയർത്തുന്ന രസകരമായൊരു വസ്തുതയു്-ബി.സി.500-നോടടുത്ത കാലത്താണ് സ്മൃതികൾ ഉാകുന്നത്. വിദേശസമ്പർക്കം അടുത്തകാലത്താണ് ഉായത്. അതുകൊ് അക്കാലത്ത് വിദേശിവിവാഹം നിഷേധിക്കാൻ സ്മൃതികാരന്മാർക്ക് സാധിക്കുകയില്ല. ഈ പഴുതാണ് നമ്പി പ്രയോജനപ്പെടുത്തിയത്. ഇത്തരം ബന്ധങ്ങൾ മാറുന്ന സമൂഹത്തിൽ അനിവാര്യങ്ങളാണെന്നും അവയെ അനുവദിക്കുന്നതാണ് ബുദ്ധിയെന്നുമായിരുന്നു നമ്പിയുടെ യുക്തി. കാലത്തിനനുസരിച്ച് ആചാരങ്ങളും മാറും, മറ്റണമെന്നർത്ഥം. ഈ ഉത്പതിഷ്ണത്വവും സർവമാനവസമഭാവനയുമാണ് പുന്നശ്ശേരിക്കളരി കേരളീയ നവോത്ഥാനത്തിന് നല്കിയ സംഭാവന.

### പി.എസ്. വാരിയർ

വൈദ്യരത്നം പി.എസ്. വാരിയർ വളർന്നത് തികച്ചും യഥാസ്ഥിതികമായ പശ്ചാത്തലത്തിലാണ്. സംസ്കൃതവും ആയുർവേദവുമാണ് പഠിച്ചത്. മറ്റു വൈദ്യന്മാർക്ക് കിട്ടാത്ത ഒരു ഭാഗ്യം അദ്ദേഹത്തിന് കൈവന്നു. മൂന്ന് വർഷക്കാലം ഒരു അലോപ്പതി സർജന്റെ കീഴിൽ വിദഗ്ദ്ധമായ ശിക്ഷണം. ഇത് പുതിയൊരു ലോകം ആ യുവാവിന്റെ മുൻപിൽ തുറന്നുവെച്ചു. അങ്ങനെയാണ് ആയുർവേദത്തെ, ശാസ്ത്രസത്തയോട്ടും ചോർത്താതെ, നവീകരിക്കാൻ കഴിയുമെന്ന് അദ്ദേഹത്തിന് ബോധ്യം വന്നത്. കോട്ടയ്ക്കൽ ആര്യവൈദ്യശാല സ്ഥാപിക്കാനും വൻതോതിൽ ഔഷധനിർമ്മാണം ആരംഭിക്കാനും അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ ആത്മവിശ്വാസമാണ്.

ഔഷധനിർമ്മാണരംഗത്തെ തന്റെ പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ വൈദ്യന്മാരിലേയ്ക്ക് പുതിയ ആശയം പ്രസരിപ്പിക്കണമെന്ന് അദ്ദേഹത്തിന് തോന്നി. അതിന്റെ ഫലമായിട്ടാണ് 1903-ൽ ആര്യവൈദ്യസമാജം അദ്ദേഹം ആരംഭിച്ചത്. മലബാറായിരുന്നു കേന്ദ്രമെങ്കിലും അഖിലകേരളാടിസ്ഥാനത്തിലുള്ള സംഘടനയായിരുന്നു അത്. വലിയ കോയിത്തമ്പുരാനും കൊച്ചിത്തമ്പുരാനും സാമൂതിരിപ്പാടും അതിന്റെ രക്ഷാധികാരികളായിരുന്നു. സമാജത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച മലയാളത്തിലെ ആദ്യത്തെ വൈദ്യമാസികയായ 'ധന്വന്തരി'യുടെ മുഖവാക്യമായി നല്കിയിരുന്നത് കേരളവർമ്മയുടെ കവിതയായിരുന്നു. ഇതിനും എത്രയോകാലം കഴിഞ്ഞാണ് സാഹിത്യപരിഷത്ത് രൂപം കൊള്ളുന്നത്. രാഷ്ട്രീയമായും സാംസ്കാരികമായും ഐക്യകേരളം രൂപപ്പെടുന്നതിന് വളരെ മുൻപ് തന്നെ പി.എസ്.വാരിയർ കേരളമെന്ന സമഗ്രതയെ സാക്ഷാത്കരിച്ചിരുന്നു എന്നർത്ഥം. മതാതീതമായ (trans-religions) മാനവികതയെ മാതൃകയാക്കിയതാണ് നവോത്ഥാനത്തിന്റെ പ്രധാനനേട്ടം. ഈ ആദർശത്തെ സാക്ഷാത്കരിക്കാൻ യത്നിച്ചവരിൽ പ്രഥമശ്രേണിയിൽ പി.എസ്. വാരിയരു്. നാടിനെ നടുക്കിയ മലബാർ കലാപം അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഏറ്റവും വലിയ പരീക്ഷണ ഘട്ടമായിരുന്നു. സാമൂതിരി ഭരണത്തിന്റെ കേന്ദ്രങ്ങളിലൊന്ന് കോട്ടയ്ക്കൽ ആയിരുന്നു. അതുകൊ്തന്നെ സവർണഭാവം കോട്ടയ്ക്കലിന്റെ മുഖമുദ്ര ആയിരുന്നു. ആ ശൃംഖലയിൽ പെട്ട ആളാണ് ശ്രീ വാരിയർ. എന്നാൽ കോട്ടയ്ക്കലെ സാധാരണജനങ്ങൾ മുസ്ലീങ്ങളായിരുന്നു. കുട്ടിക്കാലം മുതലേ അവരുമായി അടുത്ത ബന്ധം വാരിയർക്കുായിരുന്നു. വൈദ്യശാല സ്ഥാപിച്ചതോടെ അതൊന്നുകൂടി ദൃഢമായി.  പച്ചമരുന്നുപറിക്കാരും പണിക്കാരുമധികവും മുസ്ലീങ്ങളായിരുന്നു.

ഹിന്ദുക്കളേയും മുസ്ലീങ്ങളെയും ഭിന്നിപ്പിക്കുക എന്നതായിരുന്നു ബ്രിട്ടീഷുകാരുടെ നയം. സ്വാതന്ത്ര്യസമരം വിജയിക്കണമെങ്കിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ബ്രിട്ടീഷുകാരെ ഒന്നിച്ചെതിർക്കണമെന്ന് നാഷണൽ കോൺഗ്രസ്സിന്റെ നായകത്വമേറ്റെടുത്തപ്പോൾ തന്നെ ഗാന്ധിജിക്കു ബോധ്യമായിരുന്നു. അതിന് വീണുകിട്ടിയ ഒരവസരമായിരുന്നു തുർക്കിസുൽത്താനെ ബ്രിട്ടീഷുകാർ സ്ഥാനഭ്രഷ്ടനാക്കിയ നടപടി. ഇന്ത്യയിലെ മുസ്ലീങ്ങൾക്ക് അതിൽ അമർഷമുായിരുന്നു. ഇതിനെ മുതലെടുത്ത് ഹിന്ദു-മുസ്ലീം മൈത്രി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആണ് ഖിലാഫത്ത് സമരം കോൺഗ്രസ്സ് ഏറ്റെടുത്തത്.  ഹിന്ദുക്കൾക്ക് പ്രാമുഖ്യമുള്ള സംഘടനയെന്നാണ് മുസ്ലീങ്ങൾ കോൺഗ്രസ്സിനെ കണക്കാക്കിയിരുന്നത്.  മുസ്ലീങ്ങളുടെ വൈകാരികമായ പ്രശ്നം അവർ ഏറ്റെടുക്കുക വഴി സ്വാതന്ത്ര്യസമരത്തിന്റെ പൊതുധാരയിലേയ്ക്ക് മുസ്ലീംസമൂദായത്തെ കൊുവരിക എന്ന രാഷ്ട്രീയ ലക്ഷ്യമായിരുന്നു ഗാന്ധിജിക്കുായിരുന്നത്. മറ്റെല്ലായിടത്തുമെന്നപോലെ കേരളത്തിലും രാഷ്ട്രീയസമരമായിത്തന്നെയാണ് ഖിലാഫത്ത് മുന്നേറിയത്. എന്നാൽ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കുമിടയിൽ സമർത്ഥമായി ഭിന്നിപ്പുാക്കാൻ സാമ്രാജ്യത്വതന്ത്രങ്ങൾക്ക് കഴിഞ്ഞു. അങ്ങനെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ സമരം അക്രമമാർഗത്തിലേയ്ക്ക് തിരിയുന്നു എന്ന കാരണം പറഞ്ഞ് കോൺഗ്രസ്സ് നേതൃത്വം പിൻവലിഞ്ഞു. പിന്നെ നടന്നത് ചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്തത്ര ദാരുണുമായ സംഭവങ്ങളാണ്.  മുസ്ലീങ്ങൾ ക്രൂരമായി വേട്ടയാടപ്പെട്ടു. ദൗർഭാഗ്യത്തിന്, അപക്വമായ ഒരു വിഭാഗം വെള്ളക്കാരോട് ചേർന്ന് മുസ്ലീങ്ങളെ ഒറ്റിക്കൊടുത്തു. അതോടെ മുസ്ലീങ്ങളുടെ ശത്രുതമുഴുവൻ ഹിന്ദുക്കളോടായി. മഹത്തായ ലക്ഷ്യത്തോടെ സാമ്രാജ്യത്വവിരുദ്ധമായി ആരംഭിച്ച സ്വാതന്ത്ര്യസമരത്തെ വർഗീയകലാപമായി മാറ്റാൻ അധിനിവേശരാഷ്ട്രീയത്തിലെ ചാണക്യന്മാർക്ക് കഴിഞ്ഞു. പി.എസ്. വാരിയർക്ക് രാഷ്ട്രീയമില്ലായിരുന്നു. പക്ഷേ, മുസ്ലീം സഹോദരന്മാരെ ബലിയാടുകളാക്കുന്ന കുതന്ത്രങ്ങളെ തിരിച്ചറിയാൻ മാത്രമുള്ള അനുഭവജ്ഞാനം അദ്ദേഹത്തിനുായിരുന്നു. അതുകൊ് അക്കാലത്തെ ഹിന്ദുക്കൾ എല്ലാവരും ചെയ്തതുപോലെ മുസ്ലീംവിരുദ്ധനാകാതെ ലഹളശമിപ്പിക്കുന്നതിനുള്ള പ്രവർത്തനത്തിന് അദ്ദേഹം നേതൃത്വം നല്കി.  പീഡിപ്പിക്കപ്പെടുന്ന മുസ്ലീങ്ങൾക്ക് വാരിയർ രക്ഷകനായി. സ്വന്തം അറയിൽപ്പോലും അദ്ദേഹമവരെ ഒളിപ്പിച്ചു. അശരണരായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഭക്ഷണം നല്കി അവരുടെ ജീവൻ രക്ഷിച്ചു.  ഇത് രാജ്യദ്രോഹമായി വ്യാഖ്യാനിക്കപ്പെട്ടു.  കുറ്റപത്രങ്ങൾ പലതുമുായി. 'വെള്ളമുസലിയാർ' എന്ന് ഹിന്ദുക്കൾ അദ്ദേഹത്തെ പരിഹസിച്ചു.  വാരിയർ കുലുങ്ങിയില്ല.  മുസ്ലീം സഹോദരങ്ങൾ പ്രേമപൂർവം 'വാരിയരച്ഛൻ' എന്ന് അദ്ദേഹത്തെ ഹൃദയത്തിലേറ്റി.  കലാപത്തേപ്പറ്റി പഠിക്കാൻ ഉത്തരേന്ത്യയിൽ  നിന്നുവന്ന ഭാരതസേവാസംഘം വാരിയരുടെ സാക്ഷ്യം കേട്ട് അമ്പരന്ന് പോയി. ഒരു ഹിന്ദു മുസ്ലീങ്ങൾക്കനുകൂലമായി സംസാരിക്കുന്നത് കേരളത്തിൽ വന്നശേഷം ആദ്യമായി അവർ കേൾക്കുകയായിരുന്നു. കലാപകാലത്ത് പി.എസ്.വാരിയർ പ്രകടിപ്പിച്ച പക്വത രാഷ്ട്രീയനേതൃത്വം മാതൃകയാക്കിയിരുന്നെങ്കിൽ കേരളത്തിന്റെ ചരിത്രം മറ്റൊന്നായേനെ.

മതമൈത്രി മാത്രമല്ല, സർവമതസമഭാവനയും പി.എസ്. വാരിയരുടെ മുഖ്യസംഭാവനയാണ്. യാഥാസ്ഥിതികമായ സാഹചര്യത്തിലാണദ്ദേഹം പിറന്നത്, വറുഗീസ് എന്ന ഭിഷഗ്വരനാണ് ഉൾക്കണ്ണ് തുറപ്പിച്ചത്, മുസ്ലീം സഹോദരങ്ങൾക്കൊപ്പമാണ് വളർന്നത്. സ്വാഭാവികമായി സർവമതസാരവുമേകമെന്ന് തിരിച്ചറിയാൻ അദ്ദേഹത്തിന് വിഷമമൊന്നുമുായില്ല. അതുകൊ് തന്റെ ഗൃഹത്തിന്റെ പ്രവേശകവാടത്തിൽ മൂന്ന് മതത്തിന്റെയും ചിഹ്നങ്ങൾ അദ്ദേഹം കൊത്തിവെച്ചു. അതൊരു വിളംബരമായിരുന്നു. വിഭാഗീയ ചിന്തകളില്ലാതെ ആർക്കുമീഗൃഹത്തിലേയ്ക്ക് പ്രവേശിക്കാം. 1927-ൽ ഇങ്ങനെ ചിന്തിക്കാൻ അധികം പേർക്ക് കഴിയുമായിരുന്നില്ല. വിശ്വംഭരക്ഷേത്രമാണ് വാരിയരുടെ സാക്ഷാൽ യശസ്തംഭം. ക്ഷേത്രപ്രവേശന വിളംബരം വരുംമുമ്പ്, 1932-ൽ എല്ലാവർക്കും പ്രവേശിക്കാവുന്ന ഒരു ക്ഷേത്രം അദ്ദേഹം നിർമ്മിച്ചു-വിശ്വംഭരനെ അതിൽ പ്രതിഷ്ഠിച്ചു. ജാതിമതഭേദമില്ലാതെ ആർക്കുമവിടെ പ്രവേശിക്കാം. കേരളത്തിലെ മഹാക്ഷേത്രങ്ങൾ ഹിന്ദുക്കൾക്ക് മാത്രം പ്രവേശനം നല്കുമ്പോൾ വിശ്വംഭരക്ഷേത്രം എല്ലാവരേയും സ്വാഗതം ചെയ്യുന്നു. 'ജാതിദ്വേഷം, മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാപനം' സാക്ഷാൽ വിശ്വംഭരക്ഷേത്രമാണ്. അരുവിപ്പുറത്തിന്റെ സാക്ഷാത്കാരവും കേരളീയ നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രവുമാണ് കോട്ടയ്ക്കലെ വിശ്വംഭരക്ഷേത്രം. ജാതിമതാന്ധതകൾ സൃഷ്ടിക്കുന്ന വിഷവൃക്ഷങ്ങളെ ദഹിപ്പിക്കുന്ന ദാവാനലനാണത്. ഒരാഴ്ച നീുനില്ക്കുന്ന അവിടുത്തെ ഉത്സവമൊന്നുമതി കോട്ടയ്ക്കൽ സംസ്കൃതിയുടെ മുഖമുദ്ര വ്യക്തമാക്കാൻ.

**വള്ളത്തോൾ**

നമ്പി-വാരിയർ-വള്ളത്തോൾ ത്രയത്തിന് സമാനമായുള്ള ധർമ്മം ആയുർവേദമാണ്. വള്ളത്തോൾ ആദ്യകാലത്ത് രചിച്ചത് ആയുർവേദകൃതികളാണ്. ഔദ്യോഗികതലത്തിൽ മൂവരുമൊന്നിക്കുന്ന രംഗവും ആയുർവേദം തന്നെ. ആയുർവേദസമാജത്തിന്റെ പ്രസിഡന്റ് നമ്പിയായിരുന്നു, സെക്രട്ടറി വാരിയരും. നമ്പിയുടെ കാലശേഷം വള്ളത്തോൾ പ്രസിഡന്റായി, സെക്രട്ടറി വാരിയർ തന്നെ. ഇവരിരുവരേയും ഇണക്കിയമറ്റൊരു കണ്ണി കലയാണ്. വാരിയർ നല്ലൊരു കവിയായിരുന്നു. വാരിയർ കവിയും വള്ളത്തോൾ വൈദ്യനുമാണെന്ന് ഇരുവരും നസ്യംപറയാറു്. കലയോടുള്ള കമ്പം ഇരുവർക്കുമു്. 1909-ൽ വാരിയർ പരമശിവവിലാസം നാടകക്കമ്പനി തുടങ്ങി. മുപ്പതുവർഷം അരങ്ങടക്കി വാണത് പി.എസ്. വാരിയരുടെ സംഗീതനാടകങ്ങളാണ്. തമിഴ് നാടകങ്ങളുടെ ദുർമേദസ് അരങ്ങുകളിൽ നിന്ന് തുടച്ചുമാറ്റിയതും നവോത്ഥാനനാടകങ്ങൾക്ക് കളമൊരുക്കിയതും ഈ സംഗീതനാടകങ്ങളാണ്. മലയാളിത്തമുള്ളൊരു നാടകവേദിക്ക് വാരിയർ അടിത്തറയൊരുക്കി. സംഗീതനാടകങ്ങൾ ജനപ്രിയങ്ങളല്ലാതെ വന്നപ്പോൾ 1939-ൽ കഥകളിക്കുള്ള നാട്യസംഘമായി അതിനെ മാറ്റി. കലാമണ്ഡലമായിരുന്നു മാതൃക. മാത്രവുമല്ല ആദ്യത്തെ കളികഭിനന്ദിക്കാൻ വള്ളത്തോളും മുകുന്ദരാജാവും കോട്ടയ്ക്കൽ എത്തിയിരുന്നുതാനും. ഇന്ന് പൊതുവുടമയിലുള്ള ഏറ്റവും വലിയ കഥകളിസ്ഥാപനം കലാമണ്ഡലമാണ്; സ്വകാര്യമേഖലയിൽ പി.എസ്.വി. നാട്യസംഘവും.

കവി എന്ന നിലയിൽ പ്രശസ്തനാകുന്നതിന് മുൻപ്തന്നെ വള്ളത്തോൾ നമ്പിയുടെ വലയത്തിൽ പെട്ടിരുന്നു. നമ്പി നായകത്വം വഹിച്ചിരുന്ന മാങ്കാവിലെ വിദ്വത്സദസ്സു മുതലേ തുടങ്ങുന്നതാണ് ആ ബന്ധം. ഒരിക്കൽ നമ്പി പ്രസന്നരാഘവം (അതോ അനർഘരാഘവമോ?) വായിക്കുമ്പോൾ ഒറ്റക്കേൾവിയിലർത്ഥം കിട്ടാത്ത വള്ളത്തോൾ ആവർത്തിക്കാനപേക്ഷിച്ചെന്നും പലവുരു ഇതാവർത്തിച്ചപ്പോൾ സംസ്കൃതം പഠിച്ചിട്ട് വരണം എന്ന് നമ്പി ശാസിച്ചെന്നും കേട്ടിട്ടു്. ഒരുപക്ഷേ, ഈ പരാഭവമാകാം പില്ക്കാലത്ത് രാമായണവും ഋഗ്വേദവും പരിഭാഷപ്പെടുത്താൻ വള്ളത്തോളിനെ ശക്തനാക്കിയത്.

സാഹിത്യമഞ്ജരികളും സ്വാതന്ത്ര്യസമരകാഹളങ്ങളും മുഴക്കി നടന്നിരുന്ന വള്ളത്തോൾ ഉത്തരാർദ്ധത്തിലാണ് തന്റെ തട്ടകം കഥകളി ആണെന്ന് കത്തെിയത്. മുകുന്ദരാജാവുമായുള്ള സൗഹൃദം ഒരു പക്ഷേ ഈ തിരിച്ചറിവിന് പ്രചോദമായിരുന്നിരിക്കാം. പാരമ്പര്യത്തോടുള്ള ആദരവ് വള്ളത്തോളിനെ കഥകളിയിലേയ്ക്കാകർഷിച്ച ഒരു ഘടകമാണ്. എന്നാൽ മുഖ്യഘടകം സമൂഹം കലാപൈതൃകങ്ങളെ അപമാനിക്കുന്നതിലുള്ള അമർഷമായിരുന്നു. ആധുനിക വിദ്യാഭ്യാസം നേടിയ പുതുതലമുറ പഴയതിനെയെല്ലാം പുച്ഛിക്കുന്നതിലഭിമാനിക്കുന്ന കാലമായിരുന്നു അത്. യജമാനൻ സായ്പ്പിന്റെ നായ്ക്കുട്ടികളെപ്പോലെ അനുസരണശീലരായി യുവതലമുറയെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസരീതി വിജയിച്ചിരുന്നു. കഥകളിയെ 'ഊമക്കളി' എന്നപഹസിക്കുന്നതിൽ അവർക്കൊരാനന്ദം ഉായിരുന്നു.

കഥകളി കാഴ്ചബംഗ്ലാവിൽ വെയ്ക്കാനുള്ളതും ചൈതന്യം നശിച്ചതുമായ കലാഭാസമാണെന്നും ഈ ഊമക്കളി നശിച്ചുകാണാനാണ് താനാഗ്രഹിക്കുന്നതെന്നും ഒരിക്കൽ ശ്രീ. ഇ.വി. കൃഷ്ണപിള്ള വള്ളത്തോളിന്റെ മുഖത്തുനോക്കി പറഞ്ഞു. 'രാജ്യം തന്നെ നശിച്ചുകാണാൻ ആഗ്രഹിക്കുന്നുവോ?' എന്നായിരുന്നു വള്ളത്തോളിന്റെ മറുചോദ്യം. കഥകളിയുടെ നാശം നാടിന്റെ സംസ്കൃതിയുടെ നാശമാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. ഈ വിശ്വാസമായിരുന്നു മഹാകവിയുടെ പ്രവർത്തനങ്ങൾക്ക് ഊർജം പകർന്നത്.

നമ്പിയും വാരിയരും കതിലുമധികം മാറ്റങ്ങൾ നേരിൽ കാണാൻ മഹാകവിക്ക് ഭാഗ്യമുായി. ദേശാന്തരങ്ങളിൽ സഞ്ചരിക്കാനും കഥകളിയുടെ മഹത്വം ആഗോളതലത്തിൽ പ്രചരിപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ഭാരതത്തിന്റെ സ്വാതന്ത്ര്യവും കേരളത്തിന്റെ പിറവിയും അദ്ദേഹം അനുഭവിച്ചറിഞ്ഞു.

ഇവർ മൂവരും സ്വാതന്ത്ര്യസമരത്തിൽ നേരിട്ടു പങ്കെടുത്തു എന്ന് പറയാൻ വയ്യ. നമ്പിയുടെ നല്ലകാലത്ത് സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടിരുന്നില്ല. തീവിയിൽ യാത്രചെയ്തിരുന്ന മഹാത്മഗാന്ധിയെ ഷൊർണൂർ സ്റ്റേഷനിൽ വെച്ച് ഗുരുനാഥൻ കിരുന്നതായി പറഞ്ഞുകേട്ടിട്ടു്. ഗാന്ധിജിയോട് അദ്ദേഹത്തിന് അതിരറ്റ ആദരവുായിരുന്നു; അതേസമയം ബ്രിട്ടീഷുകാരെ പിണക്കാൻ വൈമുഖ്യവുമായിരുന്നു. പുന്നശ്ശേരികലാലയത്തിലെ അധ്യാപകനായ ശ്രീ. ശംഭുശർമ്മ എഴുതിയ ബ്രിട്ടീഷ് വിരുദ്ധകാവ്യം പ്രസിദ്ധീകരിക്കും മുമ്പ് വ്യാഖ്യാനിച്ച് അർത്ഥം മാറ്റിയ സംഭവം അദ്ദേഹത്തിന്റെ മനോഭാവത്തെ വ്യക്തമാക്കുന്നു. പക്ഷേ, സാമുദായികകാര്യങ്ങളിൽ ഉത്പതിഷ്ണു ആയിരുന്നു അദ്ദേഹം. ക്ഷേത്രപ്രവേശനത്തെ ഔദ്യോഗികമായിത്തന്നെ അംഗീകരിച്ചഭിപ്രായം പറയാൻ അദ്ദേഹം മടിച്ചില്ല. പി.എസ്. വാരിയരുടെ കാലമായപ്പോഴേയ്ക്കും കാലം കുറേകൂടി മുന്നോട്ട് പോയിരുന്നു. കോൺഗ്രസ്സ് പ്രവർത്തനം വ്യാപകമായി. സ്വാതന്ത്ര്യസമരസേനാനികളുടെ താവളമായി കോട്ടയ്ക്കൽ. അനന്തിരവന്മാരും കോട്ടയ്ക്കലെ യുവാക്കളും കോൺഗ്രസ്സ് പ്രവർത്തകരായി മാറി. ഇതിലൊന്നും ശ്രീ. വാരിയർ നേരിട്ടിടപെട്ടില്ല. ആയുർവേദത്തെ ഉദ്ധരിക്കുന്നതും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാണെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്.

ഗാന്ധിജിയോട് വാരിയർക്ക് അതിരറ്റ ആദരവുായിരുന്നു. നിരാഹാരസമരക്കാലത്ത് ഗാന്ധിജിയുടെ ആര്യോഗ്യനിലയേപ്പറ്റി ഹിന്ദുവിൽ വരുന്ന റിപ്പോർട്ടുകൾ ഉത്ക്കണ്ഠയോടെ സ്വന്തം ഡയറിയിൽ അദ്ദേഹം രേഖപ്പെടുത്തിയിരുന്നു. ഗുരുവായൂർ സത്യാഗ്രഹകാലത്ത് കേളപ്പജിയുടെ നിരാഹാരമവസാനിപ്പിക്കുന്നതിന് സാമൂതിരിയെ ഇടപെടുവിക്കുവാൻ അദ്ദേഹം വളരെ ശ്രമിച്ചിരുന്നു.

വള്ളത്തോളിന്റെ കാലമായപ്പോഴേയ്ക്കും സമരാഗ്നി ആളിപ്പടർന്നിരുന്നു. സ്വാതന്ത്ര്യബോധമുണർത്തുന്നതിന് ഒട്ടേറെ കവിതകൾ അദ്ദേഹം രചിക്കുകയും ചെയ്തു. കവിത്രയത്തിൽ വള്ളത്തോളിനെ കൂടുതൽ പ്രിയംകരനാക്കിയതിൽ ഈ സമരഗാഥകൾക്ക് വലിയപങ്കു്. ആദ്യകാലത്ത് അഖിലേന്ത്യാ കോൺഗ്രസ്സ് സമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുക്കാറുായിരുന്നു.

രാഷ്ട്രീയപ്രവർത്തനങ്ങളല്ല, നവോത്ഥാനശ്രമങ്ങളാണ് മൂവരേയും ശ്രദ്ധേയരാക്കിയത്. ഓരോരുത്തരും ഊന്നിയ മണ്ഡലം വേറെ ആയിരുന്നു. നമ്പി സംസ്കൃതം, വാരിയർ ആയുർവേദം, വള്ളത്തോൾ കഥകളി. പ്രാചീനസംസ്കൃതിയെ സമകാലികമാക്കുന്നതെങ്ങനെ എന്നായിരുന്നു ഉത്തരം തേടി അവർ അന്വേഷിച്ചസമസ്യ. അവരുടെ സ്വപ്നസാഫല്യമാണ് പട്ടാമ്പി കോളേജും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും കേരള കലാമണ്ഡലവും. ഇവമൂന്നും ചേരുന്ന വള്ളുവനാടൻ ഭൂമണ്ഡലം, ഉജ്ജയിനിയെപ്പറ്റിയുള്ള കാളിദാസവാക്കുകൾ കടമെടുത്താൽ, നമ്മുടെ നവോത്ഥാനചരിത്രത്തിലെ കാന്തിമത്തായ ഒരു സ്വർഗഖണ്ഡമാണ്. ഈ പന്തങ്ങളുടെ നിഴലിൽ നില്ക്കുന്നവർ നവോത്ഥാനത്തിന്റെ കൈത്തിരികൾ ചരിത്രം തങ്ങളെയാണേല്പിച്ചത് എന്ന് ഓർമ്മിക്കുന്നുവോ, ആവോ?

---


**ഡോ. കെ. ജി. പൗലോസ്**

*വൈസ് ചാൻസലർ*

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531

ഫോൺ: 04884–263440 (ഓഫീസ്), 04884–264477 (വീട്), മൊ: 9846041205

E-mail: info@kalamandalam.org., kgpaulose@gmail.com

Website: www.kalamandalam.org.